കേരളകൗമുദി

3 April 2017

# കേരളത്തിൽ കൂടുമത്സ്യ കൃഷി തരംഗം



ആലുവ പെരിയാർ നദിയിൽ തുടങ്ങിയ കൂടുമത്സ്യകൃഷി യൂണിറ്റുകൾ

കൊച്ചി: കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം നേടാവുന്ന കൂടുമത്സ്യകൃഷി കേരളത്തിലും വ്യാപകമാകുന്നു. കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്(സി.എം.എഫ്.ആർ.ഐ) കീഴിലാണ് സംസ്ഥാനത്ത് കൂടുമത്സ്യ കൃഷി ജനകീയമാകുന്നത്. പരിശീലനം ലഭിച്ചവർ കായലുകളിലും നദികളിലും കുളങ്ങളിലും മത്സ്യക്കൂടുകളിൽ വാണിജ്യ പ്രാധാന്യമുള്ള മത്സ്യയിനങ്ങളായ കാളാഞ്ചി, കരിമീൻ, തിലാപ്പിയ, ചെമ്പല്ലി, വറ്റ എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

എറണാകുളം ജില്ലയിലാണ് കൂടുമത്സ്യകൃഷി കൂടുതൽ. പെരിയാർ നദി, കോട്ടപ്പുറം കായൽ, തൃപ്പൂണിത്തുറ, മൂത്തകുന്നം, ഞാറക്കൽ, വൈപ്പിൻ, എടവനക്കാട്, ആലപ്പുഴ ജില്ലയിൽ ചേർത്തലയിലെ ചിറക്കൽ, വയലാർ, ചെങ്ങന്നൂർ എന്നിവിടങ്ങളിലും കോട്ടയത്ത് പെരുവ, പൂത്തോട്ട എന്നിവിടങ്ങളിലെ കായലുകളിലും തൃശൂരിൽ ചേറ്റുവ, എങ്ങണ്ടിയൂർ, കൈപ്പമംഗലം പെരിഞ്ഞനം എന്നിവിടങ്ങളിലുമാണ് കൃഷി തുടങ്ങിയത്.

സിഎംഎഫ്ആർഐയിലെ മാരിക്കൾച്ചർ വിഭാഗമാണ് കൂടുമത്സ്യകൃഷി ചെയ്യുന്നതിന് പരിശീലനം നൽകുന്നത്. പിഴലയിലെ കൂടുകൃഷി യൂണിറ്റുകൾ വൻവിജയമായതോടെ കൃഷി തുടങ്ങുന്നതിന് കൂടുതൽ പേർ താൽപര്യം പ്രകടിപ്പിക്കുന്നതായി മാരിക്കൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ് പറഞ്ഞു.

## കുറഞ്ഞ ചെലവ് കൂടുതൽ ലാഭം

കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭമുണ്ടാക്കാമെന്നതാണ് കൂടുമത്സ്യകൃഷിയുടെ പ്രത്യേകത. ഓരുജലാശയങ്ങളും ശുദ്ധജലസ്രോതസുകളും കൂടുകൃഷി ചെയ്യുന്നതിന് ഉചിതമാണ്. കൂടുകൾ വെള്ളത്തിൽ പൊങ്ങിക്കിടക്കും. വല, ഡ്രം അടക്കം ഒരു കൂടിന് 50000 രൂപവരെയാണ് ചെലവ്. ഒരു കൂടിൽ ആയിരം വീതം കരിമീൻ, കാളാഞ്ചി കുഞ്ഞുങ്ങളെ നിക്ഷേപിക്കാം. ആറ് മുതൽ എട്ട് മാസം വരെയാണ് കൃഷിയുടെ കാലാവധി. കൃഷിക്ക് ഒരു ലക്ഷം രൂപയും തീറ്റക്ക് പരമാവധി 50,000 രൂപയും ചെലവ് വരും. ഒരു കൂടിൽ നിന്ന് ഏറ്റവും ചുരുങ്ങിയത് 600 കിലോഗ്രാം കാളാഞ്ചിയും 250 കിലോഗ്രാം കരിമീനും ലഭിക്കും. കാളാഞ്ചി കിലോഗ്രാമിന് 650 രൂപയും കരിമീനിന് സാധാരണയിൽ 550 രൂപയും വിപണിയിൽ ലഭിക്കും.